# പതിനാലാം കേരള നിയമസഭ
# (ഒൻപതാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3192** **07.02.2018-ൽ മറുപടിയ്ക്ക്**

**മാർക്കറ്റുകളുടെ നവീകരണം**

| ചോദ്യം<br>ശ്രീ.എം. മുകേഷ് | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) ഈ സർക്കാർ അധികാരമേറ്റശേഷം തീരദേശ വികസന കോർപ്പറേഷൻ മുഖേന കൊല്ലം മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കിയെന്നും ഏതെല്ലാം പ്രവൃത്തികൾ ആരംഭിച്ചുവെന്നുമുള്ളതിന്റെ വിശദവിവരം ലഭ്യമാക്കാമോ;<br><br>ബി) പ്രസ്തുത മണ്ഡലത്തിലെ കടപ്പാക്കട, അഞ്ചാലുംമൂട് മാർക്കറ്റുകളുടെ നവീകരണത്തിന് ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;<br><br>സി) പ്രസ്തുത മാർക്കറ്റുകളുടെ നവീകരണത്തിനായി ഭരണാനുമതി നൽകി, തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | എ), ബി) & സി) മത്സ്യത്തൊഴിലാളി അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും 2017-18 ൽ ഉൾപ്പെടുത്തി കൊല്ലം മണ്ഡലത്തിലെ കൊല്ലം ജില്ലാ ആശുപത്രി അടിസ്ഥാന സൗകര്യ വികസനത്തിനായി 400.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൊല്ലം മണ്ഡലത്തിലെ കടപ്പാക്കട, അഞ്ചാലുംമൂട് മാർക്കററുകളുടെ നവീകരണത്തിന് കിഫ്ബിയിൽ ഉൾപ്പെടുത്തി അംഗീകാരം നേടുന്നതിനായി പദ്ധതി റിപ്പോർട്ട് തയ്യാറാക്കി വരുന്നു. |

**സെക്ഷൻ ആഫീസർ**